"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തൊടുപുഴ റെയിഞ്ചിലെ വേളൂർ സ്റ്റേഷൻ പരിധിയിലെ 1962 തേക്ക് തോട്ടത്തിലെ മരങ്ങൾ അനധികൃതമായി മുറിച്ചുമാറ്റിയ സംഭവം- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ശ്രീ.എൻ.എം.ഷംസുദ്ദീൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) , ശ്രീ.പി.റ്റി.മാത്യു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.515/2022/F&WLD തീയതി,തിരുവനന്തപുരം, 18-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.08.2013-ലെ E6(SC 11/13/IDK) 15564/13 നമ്പർ കത്ത്.
2. 19/02/2014 തീയതിയായി A2/14283/2013-FWLD നമ്പർ പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. 15.07.2016-ലെ സ.ഉ.(സാധാ.)274/2016/വനം നമ്പർ ഉത്തരവ്
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 14.05.2018-ലെ ബി3/9768/2014 നമ്പർ നമ്പർ കത്ത്
5. 03.08.2021-ലെ എ2/111/2018 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. 28.07.2022 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-9768/2014 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ല വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 20.06.2013- ൽ തൊടുപുഴ റെയിഞ്ചിലെ വേളൂർ സ്റ്റേഷൻ പരിധിയിലെ 1962 തേക്ക് തോട്ടത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ സർപ്രൈസ് ചെക്ക് പരിശോധനയിൽ രണ്ട് തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ചിരിക്കുന്നതായും കഷണങ്ങൾ ഭാഗികമായി നീക്കം ചെയ്തിരിക്കുന്നതായും കണ്ടെത്തി. ഈ കുറ്റകൃത്യത്തിലെ സർക്കാർ നഷ്ടം 5,074/- രൂപ (അയ്യായിരത്തി എഴുപത്തിനാല് രൂപ) ആണ് എന്നും കുറ്റകൃത്യം തൽസമയം

വരെ ബന്ധപ്പെട്ട സ്റ്റാഫുകൾ കണ്ടെത്തുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നും സൂചന (1) പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1962 വേളൂർ തേക്ക് തോട്ടത്തിന്റെ സംരക്ഷണ ചുമതല വഹിച്ചിരുന്ന ശ്രീ.എൻ.എം.ഷംസുദ്ദീൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.റ്റി.മാത്യൂ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സൂചന (2) പ്രകാരം കുറ്റപത്രവും/ കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികകൾ പരിശോധിച്ചതിൽ ടിയാന്മാർക്കെതിരെ അച്ചടക്ക നടപടി ആവസാനിപ്പിക്കുന്നതിനുതകുന്ന ന്യായീകരണം ഇല്ലാതിരുന്നതിനാൽ ഔപചാരികാന്വേഷണത്തിനായി സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

ടി വിഷയത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ശ്രീഎൻ.എം.ഷംസുദ്ദീൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 31.07.2018-ലും, ശ്രീ.പി.റ്റി.മാത്യൂ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ 31.08.2020-ലും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.

ഇതു സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് പരാമർശം(4) പ്രകാരം സർക്കാരിനു ലഭ്യമായിട്ടുണ്ട്. അനധികൃതമായി മുറിച്ച് നീക്കം ചെയ്ത രണ്ട് തേക്ക് മരങ്ങളുടെ കുറ്റികളെ സംബന്ധിച്ച പഴക്കം കണക്കാക്കിയിരുന്നത് ആദ്യത്തെ കുറ്റിയ്ക്ക് നാല് മാസവും രണ്ടാമത്തെ കുറ്റിയ്ക്ക് മൂന്ന് വർഷവുമാണ്. കുറ്റാരോപണ വിധേയരായ ജീവനക്കാരിൽ ശ്രീ. എൻ. എം. ഷംസുദ്ദീൻ മേൽ കുറ്റകൃത്യം കണ്ടെത്തുന്നതിന് ഒരു വർഷവും മൂന്ന് മാസവും മുമ്പ് മുതലും ശ്രീ. പി. റ്റി. മാത്യു അഞ്ച് മാസം മുമ്പ് മുതലും ഈ തോട്ടത്തിന്റെ സംരക്ഷണ ചുമതലയുള്ള കുഴിമറ്റം ഔട്ട്പോസ്റ്റിൽ ജോലി ചെയ്തു വരുന്നുണ്ടെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടെന്നും കുറ്റകൃത്യം കണ്ടെത്തുന്നതിന് ഒരു വർഷത്തിലധികമായി ശ്രീഎം.ഷംസുദ്ദീന് കുഴിമറ്റം ഔട്ട് പോസ്റ്റിന്റെ ചുമതലയുണ്ടായിരുന്നുവെന്നും, നടപടി എടുക്കാത്ത ഈ രണ്ട് കുറ്റികൾ ഫീൽഡ് പരിശോധനാ വേളയിൽ കണ്ടെത്തുവാൻ സാധിച്ചില്ല എന്ന വീഴ്ച ഔട്ട് പോസ്റ്റിന്റെ ചുമതല വഹിച്ചിരുന്ന ടിയാന്മാരുടെ കൂടി ഉത്തരവാദിത്തമാണെന്നും ഈ സാഹചര്യത്തിൽ ആരോ മന:പൂർവ്വമായി ഇപ്രകാരം കുറ്റകൃത്യം നടത്തിയതിന് ശേഷം വിജിലൻസിനെ അറിയിച്ചതാണ് എന്ന വാദത്തിന് പ്രസക്തിയില്ലെന്നും, കണ്ടെത്തലുകൾ വസ്തുതാപരമാണെന്നും അച്ചടക്ക നടപടി തുടരാവുന്നതാണെന്നും സൂചന (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1289/-രൂപ വീതം ടിയാന്മാരുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുവാൻ താത്കാലികമായി തീരുമാനിച്ച പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാൻമാർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെയും യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ലെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർ ശം (6) പ്രകാരം അറിയിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കാരണം കാണിക്കൽ

നോട്ടീസ് ടിയാൻ മാർ കൈപ്പറ്റിയെങ്കിലും മറുപടി സമർപ്പിക്കാത്ത സാഹചര്യത്തിൽ, ടി വിഷയത്തിൽ ടിയാന്മാർക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.എം.ഷംസുദ്ദീൻ, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.റ്റി.മാത്യു, റിട്ടയേർഡ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് പരാമർശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ച പ്രകാരം സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1289/- രൂപ വീതം ടിയാന്മാരുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എൻ.എം.ഷംസുദ്ദീൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട)

ശ്രീ.പി.റ്റി.മാത്യു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ജില്ലാ ട്രഷറി ഓഫീസർ, മൂവാറ്റുപുഴ, എറണാകുളം

സബ് ട്രഷറി ഓഫീസർ, തൃപ്പൂണിത്തുറ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Shaji A M
Date: 18-11-2022 16:23:33
സെക്ഷൻ ഓഫീസർ